**മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**


# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വക്കം ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **04**(പഞ്ചായത്ത്)

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**




14**/11/2019 - 16/11/2019**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 20/11/2019**

വക്കം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ

---


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@gmail.com


---

# ചിറയിൻകീഴ് ബ്ലോക്ക്

# വക്കം ഗ്രാമപഞ്ചായത്ത്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# വാർഡ് നമ്പർ 04(പഞ്ചായത്ത്)

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**10 അവകാശങ്ങൾ**

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

# <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവൃത്തിയുടെ പേര് : മണ്ണു ജല സംരക്ഷണം, പാട്ടക്കൃഷി

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| Dp/276890 | 03/10/18 | 14/18/19 | 2,50,000 | 2,21,076 |
| DP/264854 | 06/07/18 | 04/09/19 | 3,00,000 | 2,56,680 |
| Dp/269368 | 04/02/19 | 22/03/19 | 2,50,000 | 2,04,792 |
| Dp/269369 | 04/12/18 | 23/01/19 | 2,50,000 | 2,14,452 |

മണ്ണു ജല സംരക്ഷണവുമായി ബന്ധപ്പെട്ട 3 ഫയലുകളും പാട്ടക്കൃഷിയുമായി ബന്ധപ്പെട്ട ഒരു ഫയലുമാണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 111 പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിലും 44 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

🔮കവർ പേജ്

കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പരിശോധന നടത്തിയ ഫയലുകളിൽ ഒന്നിലും ജിയോ ടാക്കിങ് ഓഫ് അസറ്റ്(അസറ്റ് ഐഡി, ജി പി എസ് ലൊക്കേഷൻ), നെയിം ഓഫ് ജി ആർ എസ്, നെയിം ഓഫ് ദി TA/JE/BFT എന്നിവ ഇല്ലായിരുന്നു.

🔮ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നില്ല, വർക്ക് കോഡ് Dp/276890ൽ ചെക്ക് ലിസ്റ്റിന്റെ ഫോർമാറ്റ് ഉണ്ടായിരുന്നു. വർക്ക് കോഡ് Dp/269368ൽ ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഉണ്ടായിരുന്നു, നമ്പർ രേഖപ്പടുത്തിയിട്ടില്ലായിരുന്നു.

ആക്ഷൻ പ്ലാൻ കോപ്പി

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു. വർക്ക് കോഡ് Dp/264854ൽ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല.

ഭരണാനുമതി

ഭരണാനുമതി ഉണ്ടായിരുന്നു. വർക്ക് കോഡ് Dp/269368, Dp/276890, Dp/269369ൽ ഒപ്പ്, തീയതി, സീൽ എന്നിവ ഇല്ലായിരുന്നു.

സാങ്കേതികാനുമതി

സാങ്കേതികാനുമതി ഉണ്ടായിരുന്നു. ഒപ്പ് സീൽ എന്നിവ ഇല്ലായിരുന്നു.

ഡീറ്റൈൽഡ് എസ്റ്റിമേറ്റ്

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. I

ഡ്രോയിങ് ആൻഡ് ഡിസൈൻ

ഡ്രോയിങ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫോറം

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫോറം ഉണ്ടായിരുന്നു.

തൊഴിൽ അനുവദിച്ചു കൊണ്ടുള്ള ഫോറം

തൊഴിൽ അനുവദിച്ചു കൊണ്ടുള്ള ഫോറം ഉണ്ടായിരുന്നില്ല.

ഫയൽ ടാക്കിംഗ് ഫോറം ഉണ്ടായിരുന്നു. എന്നാൽ ഒപ്പ്, സീൽ എന്നിവ ഇല്ലായിരുന്നു.

മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

മസ്റ്റർ റോൾ

▪97 മസ്റ്റർ റോളുകൾ

▪മസ്റ്റർ റോൾ നമ്പർ 25310, 12332-34, 5622ൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു.

▪മസ്റ്റർ റോൾ നമ്പർ 12487ൽ അറ്റന്റൻസ് രേഖപെടുത്തിയതിനു മുകളിൽ ആബ്സെന്റ് മാർക്ക് ചെയ്തിരിക്കുന്നു.

▪മസ്റ്റർ റോൾ നമ്പർ 27218ൽ നാല് ദിവസത്തെ കൂലിക്ക് പകരം ഒരു ദിവസത്തെ കൂലി മാത്രമേ ആകെ കോളത്തിൽ രേഖപെടുത്തിയിട്ടുള്ളു.

▪മസ്റ്റർ റോളുകളിൽ ആകെ തുക രേഖപെടുത്തിയിട്ടില്ലായിരുന്നു.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു.

എം ബുക്ക്

എം ബുക്ക് ഉണ്ടായിരുന്നു. കൃത്യമായ സ്ഥലത്ത് എം ബുക്ക് നമ്പർ രേഖപെടുത്തിയിട്ടില്ലായിരുന്നു. എല്ലാ മസ്റ്റർ റോളുകളിലെ തുകയും എം ബുക്ക് തുകയും തുല്യമായിരുന്നു.

വേജ് ലിസ്റ്റ്

വേജ് ലിസ്റ്റ് ഉണ്ടായിരുന്നു. വർക്ക് കോഡ് Dp/264856ൽ 7449-52 എന്നീ മസ്റ്റർ റോളുകളുടെ വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റിനനുസരിച്ചുള്ള FTO ഡീറ്റെയിൽസ് ഉണ്ടായിരുന്നു. വർക്ക് കോഡ് Dp/264856ൽ 7449-52 എന്നീ മസ്റ്റർ റോളുകളുടെ FTO ഡീറ്റെയിൽസ് ഉണ്ടായിരുന്നില്ല.

ജിയോ ടാഗിംങ് ഫോട്ടോഗ്രാഫ്സ്

ജിയോ ടാഗിംങ് ഫോട്ടോഗ്രാഫ്സ് ഉണ്ടായിരുന്നു. എന്നാൽ വർക്ക് കോഡ് Dp/269369, Dp/264854 ൽ ജിയോ ടാഗിംങ് ഫോട്ടോഗ്രാഫ്സ് ഉണ്ടായിരുന്നില്ല.

🔮3 സ്റ്റേജ് ഫോട്ടോഗ്രാഫ്സ്

പരിശോധന നടത്തിയ 4 ഫയലുകളിലും 3 സ്റ്റേജ് ഫോട്ടോഗ്രാഫ്സ് ഉണ്ടായിരുന്നില്ല.

🔮സൈറ്റ് ഡയറി

സൈറ്റ് ഡയറി ഉണ്ടായിരുന്നു. എന്നാൽ പൂർണമല്ലായിരുന്നു.

🕯️തൊഴിലാളികളുടെ എണ്ണം : 53

🕯️ആകെ പ്രവൃത്തി ദിനങ്ങൾ : 3223(4ഫയലുകൾ)

🔮വർക്ക് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്

വർക്ക് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു. എന്നാൽ വർക്ക് കോഡ് Dp/269369, Dp/276890ൽ വർക്ക് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നില്ല.

🔮പാട്ടക്കൃഷി ചെയ്തതുമായി ബന്ധപ്പെട്ട ഫയലിൽ കരാർ പത്രം ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

- വർക്കിന്റെ പേര് : മണ്ണ് ജലസംരക്ഷണം

2018-19 കാലഘട്ടത്തിലെ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട മൂന്നു ഫയലുകളിൽ ആയി 26 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് പരിശോധനയ്ക്കായി ഉണ്ടായിരുന്നത്. പുരയിടങ്ങൾ എല്ലാം കാടുകയറിയ നിലയിൽ ആണ് കാണാൻ സാധിച്ചത്. എന്നാൽ രണ്ട് സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ഈ സാമ്പത്തിക വർഷം പണി നടന്നതായും കാണാൻ സാധിച്ചു. ഗേറ്റ് പൂട്ടിയിരുന്നതിനാൽ ചന്ദ്രിക(ശരണ്യ), സുമതി(നികുഞ്ചം), ജയദേവൻ(മകയിരം) എന്നീ വ്യക്തികളുടെ പുരയിടങ്ങൾ കാണാൻ സാധിച്ചില്ല. സന്ദർശിച്ച പുരയിടങ്ങളിൽ പണകോരൽ, മഴക്കുഴി, മണ്ണ് കയ്യാല, വളക്കുഴി എന്നിവ കാണാൻ സാധിച്ചു. എന്നാൽ എം ബുക്ക് പ്രകാരമുള്ള എല്ലാ പണികളും പൂർണ്ണമായും കാണാൻ സാധിച്ചില്ല. പണകോരൽ, മണ്ണുകയ്യാല എന്നിവ ഇടിഞ്ഞതും കാടുകയറിയ നിലയിലുമായിരുന്നു. മഴക്കുഴി, വളക്കുഴി എന്നിവ നികന്നതും കാടുകയറിയ

നിലയിലുമായിരുന്നു. മഴക്കുഴികളിൽ തെങ്ങിൻ തൈ നട്ടിരുന്നതായി കാണാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പണി പൂർത്തിയാക്കിയ ഒരു പുരയിടത്തിൽ (ഷീജ ചരുവിള) വീടുപണി നടക്കുന്നതായി കാണാൻ സാധിച്ചു. CIB കാണാൻ സാധിച്ചില്ല.

- വർക്കിന്റെ പേര് : പാട്ടക്കൃഷി

2018-19 ചൂരക്കവിളാകം പാട്ടകൃഷിയുമായി ബന്ധപ്പെട്ട ഫയലിൽ 4 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആയി പാട്ടകൃഷി ചെയ്തതായി കാണാൻ കഴിഞ്ഞു. 4 പുരയിടങ്ങളിലും കൂടി 150 സെൻറ് പുരയിടം ഉണ്ടായിരുന്നു. എല്ലാ പുരയിടങ്ങളും സന്ദർശിച്ചതിൽ നിന്നും കൃഷി ചെയ്തിരുന്നതായും തുടർന്ന് കൃഷി ചെയ്തിരുന്നില്ല എന്നും അറിയാൻ സാധിച്ചു. സന്ദർശിച്ച പുരയിടങ്ങളിൽ ഒരു മണ്ണുകയ്യാല രണ്ട് മഴക്കുഴി എന്നിവ കാണാൻ സാധിച്ചു. അതിൽ ഒരു മഴക്കുഴിയുടെ പുനർനിർമ്മാണം നടന്നതായുംമണ്ണ് കയ്യാല ഇടിഞ്ഞ നിലയിലുമായി കാണാൻ സാധിച്ചു. വാഴ, മഞ്ഞൾ, മുല്ല എന്നിവ കൃഷി ചെയ്തിരുന്നതായി പുരയിടങ്ങൾ സന്ദർശിച്ചപ്പോൾ മനസ്സിലായി. ഈ പണിയുടെ CIB കാണാൻ സാധിച്ചു.

**ഗുണഭോകതാക്കളുടെ പേര് :**

1.ചന്ദ്രശേഖരൻ മകൾ ചന്ദ്രിക, ശരണ്യ

2.പ്രകാശ് മകൻ സിജു പ്രകാശ്, പ്രകാശ് നിലയം

3.ബാബു സുഗതൻ ഭാര്യ സംഘമിത്ര മകൾ രേഖ, കൊച്ചുമണക്കാട്

4.രവീന്ദ്രൻ ഭാര്യ സുമതി, നികുഞ്ചം

5.അനിൽകുമാർ ഭാര്യ ഷീജ, ചരുവിള

6.രവീന്ദ്രൻ ഭാര്യ സുമതി, നികുഞ്ചം

7.നാരായണൻ മകൻ ഷിബു, കൊച്ചറ്റി

8.കുഞ്ഞുകൃഷ്ണൻ മകൻ പ്രസന്നൻ, ബിജു സദനം

9.പുഷ്പരാജൻ മകൾ സിനി, കാണവിള

10.പുരുഷോത്തമൻ മകൻ പുഷ്പരാജൻ, കാണവിള

11. പ്രകാശ് മകൾ സിമി പ്രകാശ് കാണവിള

12.നാരായണൻ ലീല പത്മനാഭൻ മകൻ വിജയൻ, കോങ്കണ്ണൻ വിളാകം

13.ഗോവിന്ദൻ മകൻ ജയദേവൻ, മകയിരം

14.ശിവാനന്ദൻ മകൻ കുമാർ, കൃഷ്ണൻ മകൾ സുജാത, കൃഷ്ണൻ മകൾ സുജാത, മകൻ സുനിൽകുമാർ ശിവാനന്ദൻ

15.പ്രഭ പുളിവീട്

16.വിജയരാജൻ ഉള്ളൂ വീട്

17.വിജയമണി മകൻ ലിനോജ്, വിജയസുധ

18. ഭാസ്കരൻ മകൻ സുനിൽകുമാർ, ചരുവിള വീട്

19. മണി മകൻ ബിനു, കിഴങ്ങുവിളാകം

20.ഷൺമുഖം ചെട്ടിയാർ ഭാര്യ സീത, ചെയ്തൂട്ടി വിളാകം

21.കേശവൻ മകൾ ഗിരിജ, ചെയ്തൂട്ടി വിളാകം

22.ത്യാഗരാജൻ മകൾ മായ, പുതുവൽവിള പുത്തൻ വീട്

23.ജോയ്, രാധ, ചെയ്തൂട്ടി വിളാകം

24.രാധ, ചെയ്തൂട്ടി വിളാകം

25.കൊച്ചുകൃഷ്ണൻ മകൻ സത്യശീലൻ, വളത്താന്റെ വിളാകം

## ഡോർ ടു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

15/11/2019 ന് രാവിലെ 11 മണിക്ക് കൺവീനറുടെ നിർദ്ദേശപ്രകാരം തൊഴിലാളികൾ പണി ചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് എത്തിച്ചേർന്നു.നാലാം വാർഡിലെ തൊഴിലാളികൾ രണ്ട് ഗ്രൂപ്പായി പണി ചെയ്തു കൊണ്ടിരിക്കുന്നതുകൊണ്ട് രാവിലെ ഒരു ഗ്രൂപ്പിനെയും വൈകിട്ട് മറ്റൊരു ഗ്രൂപ്പിനെയും കാണുകയും തൊഴിലാളികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. യശോദാ എന്ന കൺവീനറും തൊഴിലാളികളും ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് എത്തിച്ചേരുകയും അവിടെ തൊഴിലാളികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തൊഴിലാളികൾക്ക് 10 അവകാശങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുകയും തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികളിൽ കൂടുതൽ പേർക്കും 10 അവകാശങ്ങളെപ്പറ്റി അറിവുണ്ടായിരുന്നില്ല. എന്നാൽ ചിലർ തൊഴിൽ ബുക്കിൽ പത്ത് അവകാശങ്ങൾ ഉണ്ടെന്നും അവ വായിച്ചു നോക്കിയിട്ടുണ്ട് എന്നും പറഞ്ഞു. യശോദാ എന്ന കൺവീനറുടെ തൊഴിലാളികളിൽ രണ്ടു തൊഴിലാളികൾ മാത്രമേ അവരുടെ തൊഴിൽ കാർഡുകളിൽ ഒപ്പു രേഖപ്പെടുത്തിയിരുന്നുള്ളൂ.ഫീൽഡ് പരിശോധന പൂർത്തിയാക്കിയശേഷം നാലുമണിക്ക് അടുത്ത ഗ്രൂപ്പ് തൊഴിലാളികളെ കാണാനായി എത്തി. അവിടെ 27 തൊഴിലാളികളും കൺവീനറും ഉണ്ടായിരുന്നു. അവരുടെ തൊഴിൽ കാർഡുകൾ പരിശോധിക്കുകയും അവകാശങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുകയും ചെയ്തു. തൊഴിൽ കാർഡുകളിൽ എല്ലാ വിവരങ്ങളും പൂർണമായിരുന്നു. തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് പറഞ്ഞു കൊടുത്തു.

- ★ അംബിക എന്ന തൊഴിലാളി മറ്റ് വാർഡുകളിലെ തൊഴിലാളികൾ നേരത്തെ പണി കഴിഞ്ഞു വീട്ടിൽ പോകുന്നതായി പരാതി പറഞ്ഞു.

- ★ രാധ എന്ന തൊഴിലാളി വയസ്സായവരെ മാത്രം ഇപ്പോൾ ഒരു ഗ്രൂപ്പ് ആക്കി മാറ്റി എന്ന പരാതി ഉന്നയിച്ചു. എന്നാൽ കുളം കുഴിക്കൽ എന്ന പ്രവൃത്തിയിൽ പ്രായംകുറഞ്ഞ അവരെ ചേർത്ത് ഒരു ഗ്രൂപ്പ് ആക്കിയത് ആണെന്നും വേർതിരിവ് നടത്തിയതല്ല എന്നും കൺവീനർ മറുപടി പറഞ്ഞു.

- ★ ലിസി, പ്രസന്ന, രാഗിണി എന്നീ തൊഴിലാളികൾ പ്രവർത്തി സമയം എട്ടു മുതൽ നാലു വരെ ആക്കി മാറ്റണം എന്ന് പറയുകയുണ്ടായി.

- ★ പഞ്ചായത്ത് നിന്നും തൊഴിൽ കാർഡ് സംബന്ധിച്ച വിവരങ്ങൾ പൂരിപ്പിക്കുന്നതിനുള്ള ക്ലാസ്സ്

ലഭിച്ചു എന്നു കൺവീനറിൽ നിന്നും അറിയാൻ സാധിച്ചു.

**<u>ഗ്രാമസഭ യോഗം റിപ്പോർട്ട്</u>**

## വക്കം ഗ്രാമപഞ്ചായത്ത്

## <u>വാർഡ് 04(പഞ്ചായത്ത്)</u>

അജണ്ട (തീയതി : **20/11/2019)**

(സമയം : **02.30 am)**

1.ഈശ്വര പ്രാർത്ഥന

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ്

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

20-11-2019 വക്കം ഗ്രാമപഞ്ചായത്തിൽ വക്കം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ചു കൂടിയ 04-ആം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യം 02:30നു ആരംഭിച്ചു . മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

വാർഡ് മെമ്പർ, സോഷ്യൽ ഓഡിറ്റ് VRP മാർ , തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സാന്നിധ്യത്തിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുകയുണ്ടായി. യോഗത്തിന്റെ അധ്യക്ഷസ്ഥാനത്തേക്ക് തൊഴിലാളിയായ ശ്രീമതി ഷാഹിനയെ തെരഞ്ഞെടുത്തു കൊണ്ട്

ഈശ്വര പ്രാർത്ഥനയോട് കൂടി യോഗം ആരംഭിച്ചു. ഭരണഘടനാ പ്രതിജ്ഞ VRP ശരണ്യ, സ്വാഗതപ്രസംഗം വാർഡ് മെമ്പർ ശ്രീ രവീന്ദ്രൻ നായർ, VRP ഗോപിക തൊഴിലാളികളുടെ പത്ത് അവകാശങ്ങളും, അവയുടെ വിശദീകരണവും, VRP ജീതു ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ടും അവതരിപ്പിച്ചു.

തുടർന്ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ മുഖ്യ ആകർഷണമായത് സോഷ്യൽ ഓഡിറ്റ് വിഭാഗവും പങ്കെടുത്ത28തൊഴിലാളികളും തമ്മിൽ നടന്ന ചർച്ചയാണ്.

ചർച്ചയിൽ നിന്നു :

1. കൂടുതൽ തൊഴിലാളികളും ആവശ്യപെട്ടത് തൊഴിൽ സമയം കുറയ്ക്കണം എന്നായിരുന്നു (9മുതൽ 4മണിവരെ). പ്രായപൂർത്തിയായ കുട്ടികൾ വീട്ടിൽ ഉണ്ടെന്നും അവർ വീട്ടിൽ എത്തുന്നതിനുമുന്നേ തൊഴിലാളികൾക്ക് വീട്ടിൽ എത്തുവാൻ സാധിക്കുന്നില്ല, കിണറുകൾ ഇല്ലാത്തിതിനാൽ കുടിവെള്ളം ലഭിക്കാറില്ല എന്നും അടുത്ത വീടുകളിൽ നിന്നും ലഭിക്കുന്ന വെള്ളം 5മണിക്ക് ശേഷം കിട്ടാറില്ല എന്നും പറഞ്ഞു.

മറുപടി : മുൻപ് 8 മണി മുതൽ ആയിരുന്നതാണ് ഇപ്പോൾ സമയം കുറച്ച് 9 മണി മുതൽ 5 മണിവരെയാക്കി മാറ്റിയത്. നമ്മൾ സർക്കാർ ഉദ്യോഗസ്ഥർ ആയതിനാൽ സർക്കാർ നിശ്ചയിച്ച സമയമനുസരിച്ച് ജോലി ചെയ്യേണ്ടതായി വരുന്നു.

2. ഈ സാമ്പത്തിക വർഷം ചെയ്ത ജോലിയുടെ കൂലി ലഭച്ചില്ല എന്നു പരാതി പറഞ്ഞു.

മറുപടി : കേന്ദ്രസർക്കാർ ഫണ്ട് അയക്കാൻ വൈകുന്നത് കൊണ്ടാണ് കൂലി ലഭിക്കാൻ താമസിക്കുന്നത് എന്നറിയിച്ചു.

3. 150ദിവസത്തെ തൊഴിൽ അനുവദിക്കണമെന്ന് ഒരു തൊഴിലാളി ആവശ്യപ്പെട്ടു.

4. തൊഴിൽ സ്ഥലത്തെ പരിമിതികളെ (ടോയ്‌ലറ്റ് ഫെസിലിറ്റി, തണൽ, തുടങ്ങിയവ) കുറിച്ചു പറയുകയുണ്ടായി.

കൂടാതെ ചർച്ചയ്ക്ക് ശേഷം തൊഴിലാളികൾ റിപ്പോർട്ട് കൈ അടിച്ചു പാസ്സാക്കി.തുടർന്ന് മേറ്റ് യശോദാമ്മ കൃതജ്ഞത രേഖപെടുത്തി. ദേശീയ ഗാനം ആലപിച്ച് യോഗം അവസാനിപ്പിച്ചു.

## **ന്യൂനതകകൾ**

* ഗ്രാമസഭയിൽ വാർഡ് മെമ്പർ രവീന്ദ്രൻ ജി, സോഷ്യൽ ഓഡിറ്റ് VRP മാർ മാത്രമാണ് ഉണ്ടായിരുന്നത്.

തയാറാക്കിയത്

VRP. ശരണ്യ എസ്

VRP. ഗോപിക മുരളി എസ്

VRP. ജീതു എസ്